ഉടുമ്പൻചോല മുതൽ ചക്കളത്തിമെട്ട് വരെയുള്ള റോഡിന്റെ നിർമ്മാണം

159 [1509] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജാക്കാട് ചക്കളത്തിമെട്ട് റോഡിന്റെ ഉടുമ്പൻചോല മുതൽ ചക്കളത്തിമെട്ട് വരെയുള്ള ഭാഗത്തിന്റെ നിർമ്മാണ പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(സി) നിർമ്മാണ ജോലികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) രാജാക്കാട് ചക്കുളത്തുമേട് റോഡിന്റെ ഉടുമ്പൻചോല മുതൽ ചക്കുളത്തുമേട് വരെയുള്ള ഭാഗത്തിന്റെ (കി. മി. 17.00-19.200) പണികൾക്കായി നബാർഡിന്റെ ധനസഹായം ലഭിക്കുന്നതിന് 318 ലക്ഷത്തിന്റെ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. നബാർഡിന്റെ അനുമതി ഇതുവരെയും ലഭിച്ചിട്ടില്ല.

(സി) നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണ ജോലികൾ തുടങ്ങുകയുള്ളൂ.

പൊന്നാനി-വെങ്ങളം തീരദേശ റോഡിന്റെ പ്രവർത്തനം

160 [1511] ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി-വെങ്ങളം തീരദേശ റോഡിന്റെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രവൃത്തിയിൽ കാലതാമസം നേരിടുന്നതിന്റെ കാരണം എന്തെല്ലാമാണ്;

(സി) ഇതേവരെ പൂർത്തീകരിച്ച പ്രവൃത്തികൾ എന്തൊക്കെയാണ്;

(ഡി) പൊന്നാനി-വെങ്ങളം തീരദേശ റോഡ് ഈ സർക്കാരിന്റെ കാലയളവിൽ പൂർത്തിയാക്കാനാകുമെന്ന് കരുതുന്നുണ്ടോ;

(ഇ) പ്രസ്തുത നടപടികൾ ത്വരിതഗതിയിലാക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) പ്രസ്തുത റോഡിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറായിട്ടുണ്ട്, ലാൻഡ് അക്വിസിഷൻ നടത്തുവാനുള്ള അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന ജോലികൾ പൂർത്തിയായി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly